(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 8.38-ന് നിർത്തിവച്ച സഭ 9.30-ന് പുനരാരംഭിച്ചു)

താക്കീത്

ചെയറിന്റെ മുഖം മറയ്ക്കുന്ന വിധത്തിലുള്ള പ്രതിഷേധം സംബന്ധിച്ച്

മി. സ്പീക്കർ: സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിലാണ് ചോദ്യോത്തരവേള സസ്പെൻഡ് ചെയ്യാൻ ചെയർ നിർബന്ധിതമായത്. നിയമസഭയിൽ ഭരണപക്ഷമായാലും പ്രതിപക്ഷമായാലും ശക്തമായ പ്രതിഷേധ പ്രകടനങ്ങൾക്കും ജനങ്ങളുടെ വികാരങ്ങൾ അറിയിക്കുന്നതിനും എല്ലാതരത്തിലുള്ള അവകാശവും അധികാരവുമുണ്ടെന്ന് നമുക്കെല്ലാവർക്കുമറിയാം. പക്ഷെ അത് സഭയുടെ പ്രാഥമികമായ അന്തസ്സ് പാലിച്ചുകൊണ്ടായിരിക്കണം. നിയമസഭാ വേദിയിൽ പ്രതിഷേധം പ്രകടിപ്പിക്കേണ്ട എല്ലാ സന്ദർഭങ്ങളിലും തുടക്കത്തിൽത്തന്നെ ചെയറിന്റെ മുഖം മറയ്ക്കുന്ന ഒരു രീതി ഈ സഭാ സമ്മേളനകാലംമുതൽ.... (ബഹളം).. ദയവായി മിണ്ടാതിരിക്കണം... (ബഹളം).. ഇത് നിയമസഭയാണ്. ഇത് എവിടത്തെ മര്യാദയാണ്? ഞാൻ പറയുന്നത് കേൾക്കു, പ്ലീസ്.... ചെയറിന്റെ മുഖം മറച്ചുകൊണ്ടുള്ള ഒരു സമീപനം മുൻകാലങ്ങളിലൊരിക്കലുമുണ്ടായിട്ടില്ല. അത് ഈ സഭയോടും ചെയറിനോടുമുള്ള അവഹേളനമായി മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. ഏത് തരത്തിലുള്ള

പ്രതിഷേധത്തിനും അവകാശമുണ്ട്. അതിൽ ചെയർ പ്രതിഷേധിക്കുന്നില്ല. അതിൽ ഒരു നിഷേധാത്മക സമീപനവുമില്ല. ഏത് തരത്തിലും പ്രതിഷേധിക്കാവുന്നതാണ്. പക്ഷെ ചെയറിനെയും സഭാംഗങ്ങളെയും പരസ്പരം മറയ്ക്കുന്ന രീതിയിലുള്ള മുഖം മറയ്ക്കൽ പരിപാടി ശരിയല്ലെന്ന് നിരവധി തവണ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും ഇത് തുടരുന്നത് ചെയറിനോടും സഭയോടുമുള്ള അവഹേളനമായിമാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഒരു കാരണവശാലും ഇതാവർത്തിക്കാൻ പാടില്ലെന്ന് ചെയർ കർശനമായി വീണ്ടും താക്കീത് ചെയ്യുകയാണ്. അത് ചെയറിന്റെ വ്യക്തിപരമായ പ്രശ്നമല്ല. ഈ സഭയുടെ അന്തസ്സിന്റെ പ്രശ്നമാണ്. ...(ബഹളം)... വീണ്ടും ശക്തമായി താക്കീത് ചെയ്യുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കറോട് ഒരു അവഹേളനവും ഞങ്ങൾ കാണിക്കാറില്ല. ബഹുമാനപ്പെട്ട സ്പീക്കർ നിഷ്പക്ഷനും ഈ സഭയിലെ എല്ലാ അംഗങ്ങളുടെയും താൽപ്പര്യം സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനുമാണ്. പക്ഷെ, പൊതുസമൂഹത്തിലുണ്ടാകുന്ന അതിശക്തമായ പ്രതിഷേധങ്ങൾ സ്വാഭാവികമായും ഈ സഭയിൽ പ്രതിഫലിക്കും. അതാണല്ലോ ജനാധിപത്യത്തിന്റെ പ്രത്യേകത. അല്ലാതെ അങ്ങയോട് ഒരിക്കലും അനാദരവ് കാണിച്ചിട്ടില്ല. സഭയിൽ ഇതുപോലുള്ള സന്ദർഭങ്ങളിൽപ്പോലും ഞങ്ങൾ

ചോദ്യോത്തരവേളയിൽ സഹകരിക്കാറാണുള്ളത്. പക്ഷെ, ഇന്ന് കേരളം നേരിടുന്ന അതീവഗുരുതരമായ പ്രശ്നങ്ങൾ, കൊലപാതകം ഉൾപ്പെടെയുള്ള ഹീനമായ കൃത്യങ്ങൾ ഉണ്ടാകുകയും ജനപ്രതിനിധികളും അതോടൊപ്പംതന്നെ പൊതുപ്രവർത്തകരും നിരാഹാരമനുഷ്ഠിക്കുകയും ചെയ്യുന്ന അതീവ ഗുരുതരമായ സാഹചര്യത്തിൽ സ്വാഭാവികമായും ചോദ്യോത്തരവേള സസ്പെൻഡ് ചെയ്തുകൊണ്ട് ചർച്ചയ്ക്കെടുക്കണമെന്ന് ഞങ്ങൾ പറയുന്നത് പൊതുജനങ്ങളുടെ വികാരംകൂടിയാണ്. ചോദ്യോത്തരവേള സസ്പെൻഡ് ചെയ്തുകൊണ്ട് അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കണമെന്നതാണ് ഞങ്ങളുടെ ആവശ്യം. അങ്ങ് എനിക്ക് മൈക്ക് തന്നിരുന്നുവെങ്കിൽ ഈ പ്രശ്നമുണ്ടാകില്ലായിരുന്നു. മാത്രമല്ല, ആദ്യം ചോദ്യകർത്താവിനെയാണ് വിളിക്കേണ്ടത്. ചോദ്യകർത്താവുണ്ടെങ്കിൽ മാത്രമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയേണ്ടതായിട്ടുള്ളൂ. ആദ്യത്തെ ചോദ്യം ചോദിക്കേണ്ടിയിരുന്നത് ശ്രീ. സി. മമ്മൂട്ടിയാണ്. എനിക്ക് ഒരു മിനിട്ട് മൈക്ക് അനുവദിച്ചിരുന്നുവെങ്കിൽ ഈ സാഹചര്യമൊഴിവാക്കാമായിരുന്നു. ദയവായി അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. സഭാനടപടികൾ സുഗമമായി മുമ്പോട്ടുകൊണ്ടുപോകാൻ പ്രതിപക്ഷം ഈ സഭാകാലത്തെല്ലാം സഹകരിച്ചിട്ടേയുള്ളൂ. അങ്ങ് അങ്ങനെയൊരു പരാമർശം നടത്തിയത് ശരിയല്ല, അത് ഖേദകരമാണ്.

ഞങ്ങളെന്നും സഭ നടത്തിക്കുന്നതിന് ബഹുമാനപ്പെട്ട സ്പീക്കറോട് സഹകരിച്ചിട്ടേയുള്ളൂ.

മി. സ്പീക്കർ: പ്രതിപക്ഷം സഹകരിച്ചിട്ടില്ലെന്നോ സഭാനടപടികളിൽ അന്തസ്സ് പാലിച്ചിട്ടില്ലെന്നോ ചെയർ ഇവിടെ പറഞ്ഞിട്ടില്ല. ഞാൻ പറയുന്നത് സഭയിൽ ഏത് തരത്തിലുള്ള പ്രതിഷേധവും പ്രകടിപ്പിക്കാനുള്ള അവകാശവും അവസരവും നമുക്കുണ്ടെന്നിരിക്കെ ചെയറിന്റെ മുഖം മറച്ചുകൊണ്ട് ചെയറിലിരിക്കുന്ന ആളെയും സഭാംഗങ്ങളെയും തമ്മിൽ കാണാത്ത നിലയിൽ ഒരു രീതി സൃഷ്ടിക്കുന്നത് അങ്ങേയറ്റം ഈ സഭയോടുള്ള അവഹേളനമായി ഞാൻ വീണ്ടും ഓർമ്മപ്പെടുത്തുകയാണ്. അത് ശരിയല്ല. മുൻകാലങ്ങളിൽ ഇങ്ങനെയുണ്ടായിട്ടില്ല. ദയവായി ഇതാവർത്തിക്കരുത്. ഇത് ഒരു വ്യക്തിയുടെ പ്രശ്നമല്ല, ഈ സഭയുടെ അന്തസ്സിന്റെ പ്രശ്നമാണ്. പുതിയ അംഗങ്ങളിൽ ചില ആളുകൾ കാണിക്കുന്ന ഈ രീതി തിരുത്താൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നിർദ്ദേശം നൽകണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്.